കേരള സർക്കാർ
കാർഷിക വികസന
കർഷക ക്ഷേമ വകുപ്പ്

# ഹരിതദളം

പുസ്തകം 22 | ലക്കം 13 | മാർച്ച് 30 2024

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ദ്വൈവാര ഇ-വാർത്ത പത്രിക

അകത്താളുകളിൽ

2 യുനെസ്കോ അന്താരാഷ്ട്ര ഡിജിറ്റൽ പഠന ദിനം ആഘോഷിച്ചു

3 കാർഷിക സർവകലാശാലയിലെ സ്റ്റാർട്ടപ്പുകൾക്ക് അഞ്ച് കോടി രൂപയുടെ കേന്ദ്ര ധനസഹായം

5 ക്രോപ്പ് പ്രൊട്ടക്റ്റീവ് ഹെർബിസൈഡ് ആപ്ലിക്കേറ്റർ

## ഷീറ്റുറബ്ബറിന്റെ കയറ്റുമതിക്ക് കിലോഗ്രാമിന് അഞ്ച് രൂപ റബ്ബർബോർഡ് പ്രോത്സാഹനമായി നൽകും



എ.കരുണാകരൻ, കെ.പി.ഹുസൈൻ, കെ.വി.മുസ്തഫ എന്നിവർ പ്രസംഗിച്ചു.

ഷീറ്ററബ്ബർ കയറ്റുമതി ചെയ്യുന്നതിന് കിലോഗ്രാമിന് അഞ്ച് രൂപ പ്രോത്സാഹനമായി നൽകാൻ റബ്ബർ ബോർഡ് തീരുമാനിച്ചു. 2024 മാർച്ച് 15 മുതൽ ജൂൺ 30 വരെ ഈ പദ്ധതി നിലവിലുണ്ടായിരിക്കും. കയറ്റുമതിക്കാർ നേരിടുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അവർക്ക് പിന്തുണ നൽകുന്നതിനുമായി ഒരു എക്സ്പോർട്ട് പ്രൊമോഷൻ സെൽ ബോർഡ് രൂപവത്ക്കരിച്ചിട്ടുണ്ട്. ബോർഡ് നൽകുന്ന രജിസ്ട്രേഷൻ-കം-മെമ്പർഷിപ്പ് സർട്ടിഫിക്കറ്റും ഇന്ത്യൻ നാച്ചുറൽ റബ്ബർ ലോഗോ ഉപയോഗിക്കുന്നതിനുള്ള രജിസ്ട്രേഷനും ഉള്ളവർക്ക് പ്രകൃതിദത്തറബ്ബറിന്റെ കയറ്റുമതിയുമായി ബന്ധപ്പെട്ട് ഏർപ്പെടുത്തിയിരിക്കുന്ന ഈ പ്രോത്സാഹനപദ്ധതിയുടെ പ്രയോജനം ലഭിക്കും. പദ്ധതിപ്രകാരം നിർദേശിച്ചിട്ടുള്ള രേഖകൾ ഹാജരാക്കിയാൽ കയറ്റുമതിക്കാർക്ക് തിരിച്ചടവായി പ്രോത്സാഹനത്തുക റബ്ബർ ബോർഡ് നൽകും. ബ്രാൻഡിങ്ങിന് വേണ്ടിവരുന്ന അധികച്ചെലവ് നികത്താൻ ഈ പ്രോത്സാഹനം സഹായിക്കും.

ഷീറ്ററബ്ബറിന്റെ അന്താരാഷ്ട്രവില 2024 ജനുവരിയിൽ ആഭ്യന്തരവിലയെ മറികടന്നിരുന്നു. വിലയിൽ വ്യത്യാസമുണ്ടെങ്കിലും വിയറ്റ്നാം പോലുള്ള ഉത്പാദകരാജ്യങ്ങളിൽ നിന്നുള്ള റബ്ബറിന്റെ വിലക്കുറവ് കാരണം ഇന്ത്യയിൽനിന്ന് കയറ്റുമതി ചെയ്യാൻ കഴിയുന്നില്ല. ആഗോളതലത്തിൽ ഷീറ്ററബ്ബറിന്റെ ഉപഭോഗം പത്ത് ശതമാനം മാത്രമാണ്. ചൈന, മലേഷ്യ, ശ്രീലങ്ക തുടങ്ങിയ രാജ്യങ്ങളാണ് ആർഎസ്എസ് ഗ്രേഡുകളുടെ പ്രധാന ഉപഭോക്താക്കൾ. ഷീറ്ററബ്ബർ സംഭരണത്തിനായി ഈ ഉപഭോഗ രാജ്യങ്ങളെല്ലാം ദീർഘകാലകരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. ഇന്ത്യയിൽ നിന്നുള്ള കയറ്റുമതിക്ക് അതും തടസ്സമാകുന്നുണ്ട്.

തെക്കുകിഴക്കൻ ഏഷ്യൻ രാജ്യങ്ങളിലെ ശൈത്യകാലം, തായ്ലൻഡിലെ നവംബർ-ഡിസംബർ കാലയളവിലെ പ്രതികൂലമായ കാലാവസ്ഥ, കുമിൾരോഗങ്ങൾ, ഉത്പാദനത്തിന്റെ കാലയളവിൽ ഉണ്ടായിട്ടുള്ള കുറവ്, ഇലകൊഴിച്ചിൽ തുടങ്ങിയവ അന്താ

ചീഫ് എഡിറ്റർ - ആശ എസ്. കുമാർ
എഡിറ്റർ - ഡോ. ബിന്ദു ഹാരിയറ്റ് ഐവൻ
അസോസിയേറ്റ് എഡിറ്റർ - പ്രശാന്ത് ജി.എസ്.
അസിസ്റ്റന്റ് എഡിറ്റർ - മുഹമ്മദ് റിയാസ്

രാഷ്ട്രവിപണിയിൽ (ബാങ്കോക്ക്) റബ്ബർവില ഉയരാൻ കാരണമായിട്ടുണ്ട്. കഴിഞ്ഞ ആഴ്ച മുതൽ കയറ്റുമതി ഓർഡറുകൾക്ക് അന്താരാഷ്ട്രവിപണിയിൽ കാണുന്ന താൽപര്യം ആഭ്യന്തരവില ഉയരുന്നതിനുള്ള കാരണങ്ങളിലൊന്നാണ്.

ഡോ. സാവർ ധനാനിയ (ചെയർമാൻ, റബ്ബർബോർഡ്), എം. വസന്തഗേശൻ ഐ.ആർ.എസ്. (എക്സിക്യൂട്ടീവ് ഡയറക്ടർ, റബ്ബർബോർഡ്), എൻ. ഹരി (റബ്ബർബോർഡ് അംഗം), ജോർജ് വാലി (പ്രസിഡന്റ്, ഇന്ത്യൻ റബ്ബർ ഡീലേഴ്സ് ഫെഡറേഷൻ), തുടങ്ങിയവർ യോഗത്തിൽ സംസാരിച്ചു. നിലവിലെ കയറ്റുമതി സാധ്യതകൾ വരുംദിവസങ്ങളിൽ പരമാവധി പ്രയോജനപ്പെടുത്തണമെന്ന് കയറ്റുമതിക്കാരോടും റബ്ബർബോർഡ് കമ്പനികളോടും എക്സിക്യൂട്ടീവ് ഡയറക്ടർ ആവശ്യപ്പെട്ടു. ആഭ്യന്തരവിപണിയിൽ റബ്ബറിന്റെ വില സ്ഥിരപ്പെടുത്താനും ഇത് സഹായിക്കും. റബ്ബർബോർഡ് കമ്പനികൾ ഉൾപ്പെടെ അറുപതോളം കയറ്റുമതിക്കാർ യോഗത്തിൽ പങ്കെടുത്തു.

# യുനെസ്കോ അന്തരാഷ്ട്ര ഡിജിറ്റൽ പഠന ദിനം ആഘോഷിച്ചു

കേരള കാർഷിക സർവകലാശാല ഇ-പഠന കേന്ദ്രം യുനെസ്കോ അന്താരാഷ്ട്ര ഡിജിറ്റൽ പഠനദിനം ആചരിച്ചു. കാർഷിക സർവ്വകലാശാല വിദ്യാർത്ഥി ക്ഷേമ ഡയറക്ടറേറ്റ്, നാഷണൽ സർവീസ് സ്കീം (എൻഎസ്എസ്) യൂണിറ്റ് എന്നിവയുടെ സഹകരണത്തോടെ ഫോറസ്ട്രി കോളേജിൽ സംഘടിപ്പിച്ച പരിപാടി കാർഷിക സർവ്വകലാശാല വിദ്യാഭ്യാസ ഡയറക്ടർ ഡോ.ഗോപകുമാർ എസ്., ഉദ്ഘാടനം ചെയ്തു. ഫോറസ്ട്രി കോളേജ് ഡീൻ ഡോ.ഇ.വി.അനൂപ് അധ്യക്ഷത വഹിച്ച ചടങ്ങിലേക്ക് ഇ-പഠന കേന്ദ്രം മേധാവി ഡോ.ബി.അജിത്കുമാർ ഏവരെയും സ്വാഗതം ചെയ്തു. കേരള ഡിജിറ്റൽ സർവ്വകലാശാല സെന്റർ ഫോർ ഡിജിറ്റൽ ഇന്നൊവേഷൻ ആൻഡ് പ്രൊഡക്ട് ഡെവലപ്മെന്റ് വകുപ്പ് ഡയറക്ടർ ഡോ.അജിത്കുമാർ ആർ, കാർഷിക സർവ്വകലാശാല പ്രൊഫസർ ഡോ. കെ സുരേന്ദ്ര ഗോപാൽ, അസിസ്റ്റന്റ് പ്രൊഫസർ ഡോ. ശ്രീജിത്ത് ബാബു എന്നിവർ സാന്നിദ്ധ്യം അറിയിച്ചു.

ചടങ്ങിനെത്തുടർന്ന് കേരള ഡിജിറ്റൽ സർവ്വകലാശാല സെന്റർ ഫോർ ഡിജിറ്റൽ ഇന്നൊവേഷൻ ആൻഡ് പ്രൊഡക്ട് ഡെവലപ്മെന്റ് വകുപ്പ് ഡയറക്ടർ ഡോ.അജിത്കുമാർ ആർ., വിദ്യാർഥികളുമായി സംവദിച്ചു. സമകാലിക വിദ്യാഭ്യാസ പരിതസ്ഥിതിയിൽ എല്ലാവരെയും ഉൾക്കൊള്ളുന്ന വിദ്യാഭ്യാസം വളർത്തിയെടുക്കുന്നതിൽ ഡിജിറ്റൽ പഠനത്തിന്റെ പരിവർത്തന സാധ്യതകളെക്കുറിച്ച് അദ്ദേഹം സംസാരിച്ചു.. അധ്യാപകർ, വിദ്യാർഥികൾ, വിദ്യാഭ്യാസ രംഗത്തെ പ്രമുഖർ എന്നിവർ പങ്കെടുത്തു. ടങ്ങിന്റെ ഭാഗമായി കെ.എ.യു ഹൈ സ്കൂൾ, വിദ്യാർഥികൾക്കായി എ.ആർ / വി ആർ മൊഡ്യൂൾ ക്ലാസ്സുകളും നല്കി.








# കാർഷിക സർവകലാശാലയിലെ സ്റ്റാർട്ടപ്പുകൾക്ക് അഞ്ച് കോടി രൂപയുടെ കേന്ദ്ര ധനസഹായം

കേരള കാർഷിക സർവകലാശാല RKVY -അഗ്രി ബിസിനസ് ഇൻകുബേറ്ററിനു കീഴിലുള്ള 35 സ്റ്റാർട്ടപ്പുകൾക്ക് 466 ലക്ഷം രൂപയുടെ കേന്ദ്ര സർക്കാർ ഗ്രാന്റ് അനുവദിച്ചു. കഴിഞ്ഞ രണ്ടു വർഷത്തിൽ അഗ്രി ബിസിനസ് ഇൻകുബേറ്ററിലൂടെ രണ്ടുമാസത്തെ കാർഷിക സംരംഭകത്വം പരിശീലനം പൂർത്തിയാക്കിയ സംരംഭകരിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ടവർക്കാണ് ധനസഹായം അനുവദിച്ചിരിക്കുന്നത്. സംരംഭകത്വ വികസന പ്രവർത്തനങ്ങളിൽ കേരള കാർഷിക സർവകലാശാലയുടെ അഗ്രി ബിസിനസ് ഇൻകുബേറ്ററിൻറെ പുതിയ നാഴികക്കല്ലാണ് സ്റ്റാർട്ടപ്പുകളുടെ ഈ വിജയനേട്ടം.

ഇതിനോടകം സംരംഭം തുടങ്ങിയതും വാണിജ്യവൽക്കരണ ഘട്ടത്തിൽ ഉള്ളതുമായ 20 സ്റ്റാർട്ടപ്പുകൾക്ക് 394 ലക്ഷം രൂപയും ആശയഘട്ടത്തിലുള്ള 15 സ്റ്റാർട്ടപ്പുകൾക്ക് 72 ലക്ഷം രൂപയുമാണ് കേന്ദ്ര ധനസഹായം. ധനസഹായ തുകയുടെ ആദ്യ ഗഡുവായ 200.8 ലക്ഷം രൂപയാണ് ഈ സാമ്പത്തിക വർഷം വിതരണം ചെയ്യുന്നതെന്ന് കേരള കാർഷിക സർവകലാശാല വിജ്ഞാന വ്യാപന വിഭാഗം മേധാവി ഡോ.ജേക്കബ് ജോൺ അറിയിച്ചു.

നൂതന ആശയങ്ങളിൽ ഊന്നിയ സംരംഭങ്ങളെ പ്രോത്സാഹിപ്പിച്ച് കർഷകന്റെ വരുമാനം ഇരട്ടിപ്പിക്കുകയാണ് റഫ്താർ അഗ്രി ബിസിനസ് ഇൻകുബേറ്ററിലൂടെ ലക്ഷ്യമാക്കുന്നത് എന്ന് കേരള കാർഷിക സർവകലാശാല വൈസ് ചാൻസിലർ ഡോ.ബി അശോക് ഐഎഎസ് അഭിപ്രായപ്പെട്ടു.

മുരിങ്ങയിലയുടെയും മില്ലറ്റുകളുടെയും ആരോഗ്യ ഗുണങ്ങൾ തിരിച്ചറിഞ്ഞ് അവയിൽനിന്നും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ എന്ന ആശയം പ്രാവർത്തികമാക്കിയ സ്ത്രീ സംരംഭകരും കൂൺ കൃഷിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി കൂൺകൃഷി ഏതൊരു സാധാരണക്കാരനും സാധ്യമാകുന്ന രീതിയിൽ ആയാസരഹിതമാക്കിയ സംരംഭകരും കൂണിൽ നിന്നും നൂതന ഉൽപ്പന്നങ്ങൾക്ക് പിറവി നൽകിയവരും ഗ്രാൻറ് കരസ്ഥമാക്കിയവരിൽ ഉൾപ്പെടുന്നു. കൂടാതെ വിവിധങ്ങളായ റെഡി ടു ഈറ്റ്, റെഡി ടു കുക്ക്,റെഡി ടു സെർവ് ഉൽപ്പന്നങ്ങളും എയറോപോണിക്സ് സംവിധാനവും കുരുമുളക് പറിക്കുന്ന യന്ത്രവും കുട്ടനാടൻ കർഷകരുടെ ദുരിതത്തിനു പരിഹാരം കണ്ടെത്തുന്നതിനായി പുതിയ ഇനം പമ്പുകളും ഫിറോമോൺ ട്രാപ്പുകളും മാലിന്യ സംസ്കരണ മാർഗ്ഗങ്ങളും കടൽ പായൽ ഉൽപ്പന്നങ്ങളും സ്റ്റാർച്ച് സ്പ്രേയുമെല്ലാം ഗ്രാൻറ് തുക നേടിയ നൂതന ആശയങ്ങളാണ്

നൂതന ആശയങ്ങൾ ഉള്ള സംരംഭകർക്ക് ആശയവിപുലീകരണത്തിനായി പരമാവധി 5 ലക്ഷം രൂപയും വാണിജ്യവൽക്കരണത്തിനായി പരമാവധി 25 ലക്ഷം രൂപയുമാണ് പദ്ധതിയിലൂടെ ധനസഹായമായി ലഭിക്കുന്നത്. കാർഷികമേഖലയിലെ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും നൂതന ആശയങ്ങൾ ഉള്ളവരുടെ സംരംഭകത്വ സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കുന്നതിനുമായി കേരള കാർഷിക സർവകലാശാല നാളിതുവരെ നടത്തിയ പരിശ്രമങ്ങളുടെ ഫലമായാണ് ഗ്രാൻറ് തുക എന്ന നേട്ടം കൈവരിക്കാൻ സാധിച്ചത്. കാർഷിക മേഖലയിൽ നവ സംരംഭങ്ങളെ ശാക്തീകരിച്ച് വാണിജ്യവൽക്കരണത്തിലൂടെ കാർഷിക മേഖലയിൽ സംരംഭകത്വ സൗഹൃദാ അന്തരീക്ഷം സൃഷ്ടിക്കുകയാണ് ഇത്തരം പ്രവർത്തനങ്ങളിലൂടെ കേരള കാർഷിക സർവകലാശാല മുന്നിൽ കാണുന്നതെന്ന് RKVY അഗ്രി ഇൻകുബേറ്റർ മേധാവി ഡോ.കെ.പി സുധീർ വ്യക്തമാക്കി.

# കാർഷിക വിളനാശം – ബാങ്ക് അക്കൗണ്ടിലെ സാങ്കേതിക തകരാർ കാരണം ആനുകൂല്യങ്ങൾ ലഭിക്കാത്തവർ ഉടൻ കൃഷിഭവനുമായി ബന്ധപ്പെടണം

പ്രകൃതിക്ഷോഭത്തിൽ വിളനാശം ഉണ്ടായ കർഷകർ ആനുകൂല്യത്തിന് കൃഷിഭവനുകളിൽ അപേക്ഷ സമർപ്പിച്ചിരുന്നെങ്കിലും സാങ്കേതിക കാരണങ്ങളാൽ ബാങ്ക് അക്കൗണ്ടുകളിൽ തുക ക്രെഡിറ്റ് ചെയ്യാൻ സാധിക്കുന്നില്ല എന്ന എസ്എംഎസ് സന്ദേശം ട്രഷറിയിൽ നിന്നും കഴിഞ്ഞ ദിവസങ്ങളിൽ ചില കർഷകർക്ക് ലഭിച്ചിട്ടുണ്ട്. ഇത്തരത്തിൽ എസ്എംഎസ് ലഭിച്ചിട്ടുള്ള കർഷകർ എസ് എം എസ് കിട്ടി അഞ്ച് ദിവസത്തിനുള്ളിലും, ഇനി ലഭിക്കുന്നവർ അതത് ദിവസങ്ങളിലും ബന്ധപ്പെട്ട കൃഷിഭവനുകളെ സമീപിച്ച് കൃത്യമായ ബാങ്ക് അക്കൗണ്ട്, ഐ എഫ് എസ് സി വിവരങ്ങൾ നൽകണം. അക്കൗണ്ട് വിവരങ്ങൾ നൽകുന്നതിനോടൊപ്പം പാസ്ബുക്കിന്റെ പകർപ്പ് കൂടെ സമർപ്പിക്കണമെന്നും സമയക്ലിപ്തത പാലിക്കണമെന്നും കൃഷി ഡയറക്ടർ അറിയിച്ചു.

# കേരള കാർഷിക സർവകലാശാലയും മൊണ്ടിലീസ് ഇന്ത്യ ഫുഡ് പ്രൈവറ്റ് ലിമിറ്റഡും (കാഡ്ബറി) ഗവേഷണ സഹകരണത്തിനായി 5.43 കോടി രൂപയുടെ ധാരണ പത്രം ഒപ്പ് വച്ചു




കഴിഞ്ഞ 37 വർഷമായി തുടർന്ന് വന്നിരുന്ന ഗവേഷണ പദ്ധതിയുടെ വരുന്ന മൂന്ന് വർഷത്തേക്കുള്ള ഗവേഷണത്തിനാ യുള്ള 5.43 കോടി രൂപയുടെ ഉടമ്പടി കേരള കാർഷിക സർവകലാശാല രജിസ്ട്രാർ പി.ഒ നമീറും മൊണ്ടിലീസ് ഇന്ത്യ ഡയറക്ടർ ശ്രീ രൂപക്ക് ഭട്ടും തമ്മിൽ കേരള കാർഷിക സർവകലാശാല വൈസ് ചാൻസലർ ഡോ.ബി അശോക് ഐ എ എസ് ന്റെ സാന്നിധ്യത്തിൽ ഒപ്പുവച്ചു. ചടങ്ങിൽ മിഖേൽ പിക്കറിങ്(മൊണ്ടിലീസ് ഗ്ലോബൽ ടീം), മൈക്ക് ഗ്യാരി (ഡയറക്ടർ മൊണ്ടിലീസ് ഗ്ലോബൽ ഗ്ലോബൽ ആർ&ആൻഡ് ഡി ടീം), ജസ്വാൾ വരിന്ദർ (ആർ&ഡി ലീഡർ മൊണ്ടിലീസ് ഇന്ത്യ) , കശ്യപ് പൂർവ് (ശാസ്ത്രജ്ഞ, മൊണ്ടിലീസ് ഇന്ത്യ) , ശ്രീ.വിജയകുമാർ(മാനേജർ, കൊക്കോ ലൈഫ്) ഡോ.മധു സുബ്രഹ്മണ്യൻ(ഗവേഷണ വിഭാഗം മേധാവി,കെഎയു) ശ്രീ മദൻ കുമാർ(കംപ്ട്രോളർ,കെഎയു) എന്നിവർ സന്നിഹിതരായിരുന്നു.ഡോ.ബി സുമ (പ്രൊഫസർ&ഹെഡ്). ഡോ.മിനിമോൾ (പ്രൊഫസർ) എന്നിവരാണ് ഈ പ്രൊജക്ടിൽ പ്രവർത്തിക്കുന്ന ശാസ്ത്രജ്ഞർ.

ഈ പ്രോജക്ടിന്റെ ഗവേഷണ ലക്ഷ്യം ഇന്ത്യയിലെ കൊക്കോ ഗവേഷണത്തെ ശക്തിപ്പെടുത്തുക എന്നതാണ്. 37 വർഷമായി തുടർന്നുവരുന്ന ഈ ഗവേഷണത്തിന്റെ ഫലമായി ഇന്ത്യയിലെ കൊക്കോ കൃഷി ശക്തി പ്രാപിച്ചു. ഇന്ത്യയിലെ 90% ത്തിന് മുകളിലുള്ള കൊക്കോ തോട്ടങ്ങൾ ഈ ഗവേഷണ പദ്ധതിയുടെ ഫലമായി കേരള കാർഷിക സർവകലാശാലയിൽ നിന്നും വികസിപ്പിച്ചെടുത്ത നടീൽ വസ്തുക്കൾ ഉപയോഗിച്ച് നട്ടു പിടിപ്പിച്ചവയാണ്. ലോകത്തെ ശരാശരി ഉൽപാദനം .5 കിലോഗ്രാം ഉണക്കക്കുരു ഒരു ചെടിക്ക് ഒരു വർഷം എന്നതായിരിക്കെ ഇന്ത്യയുടെ ശരാശരി ഉൽപാദനം 2.5 കിലോഗ്രാം ഉണക്കക്കുരുവാണ്. ഇത് ഈ നടീൽ വസ്തുക്കളുടെ ജനിതക ഗുണമേന്മയെ വിളിച്ചോതുന്നു. ഇത് കൂടാതെ കൊക്കോക്ക് ആവശ്യമായ എല്ലാ കൃഷിരീതികളും ഉരുതിരിച്ചെടുക്കാൻ സാധിച്ചിട്ടുണ്ട്. ഇന്ന് കൊക്കോ പുതിയ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനാൽ നൂതന കീട രോഗങ്ങൾ കണ്ടുവരുന്ന ഇവയെ നിയന്ത്രിക്കാനുള്ള മാർഗം ഉരുതിരിച്ചെടുക്കേണ്ടതുണ്ട്. കൂടാതെ പ്രതികൂല കാലാവസ്ഥയെ അതിജീവിക്കുന്ന ഇനങ്ങൾ ഉരുതിരിച്ചെടുക്കണം. ഈ ലക്ഷ്യങ്ങൾ എല്ലാം തന്നെ ഗവേഷണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ ഗവേഷണങ്ങളുടെ ഫലവും തീർച്ചയായും ഇന്ത്യയിലെ ഭാവി കൊക്കോ കൃഷിക്ക് മുതൽക്കൂട്ടാകും എന്ന് തന്നെ കരുതാം.

# ക്രോപ്പ് പ്രൊട്ടക്റ്റീവ് ഹെർബിസൈഡ് ആപ്ലിക്കേറ്റർ

കളനാശിനി പ്രയോഗത്തെത്തുടർന്ന് കളനാശിനികൾ വിളകളിൽ പതിക്കുന്നതും തുടർന്ന് വിളസസ്യങ്ങൾ കരിഞ്ഞുണങ്ങുന്നതും സാധാരണമാണ്. ഇത്തരം പാർശ്വഫലങ്ങൾ കുറയ്ക്കുവാൻ സഹായകമായ ക്രോപ്പ് പ്രൊട്ടക്റ്റീവ് ഹെർബിസൈഡ് ആപ്ലിക്കേറ്റർ എന്ന നൂതന യന്ത്രത്തിന് കേരള കാർഷിക സർവകലാശാലക്ക് പേറ്റൻറ് ലഭിച്ചു.



യന്ത്രം പ്രവർത്തിക്കുമ്പോൾ, യന്ത്രത്തിലെ വിള സംരക്ഷണ ഹുഡ്, വിള സസ്യങ്ങളെ കളനാശിനി സ്പ്രേ തുള്ളികളിൽ നിന്നും സംരക്ഷിക്കുന്നു. അതേ സമയം കള ചെടികൾ സ്പ്രേ ഹുഡിനുള്ളിൽ അകപ്പെടുകയും നോസിലിൽ നിന്നുള്ള കളനാശിനി സ്പ്രേ അവയിൽ മാത്രം പതിക്കുകയും ചെയ്യുന്നു.

വെള്ളായണി കാർഷിക കോളേജിലെ വിളപരിപാലന വിഭാഗത്തിലെ ശാസ്ത്രജ്ഞരായ ഡോ. ഷീജ കെ. രാജ്, ഡോ. ജേക്കബ് ഡി., ഡോ. ശാലിനി പിള്ളൈ, ഗവേഷണ വിദ്യാർത്ഥികളായ ധന ഉണ്ണികൃഷ്ണൻ, അനിറ്റ്റോസാ ഇന്നസെന്റ്, കൃഷ്ണശ്രീ രാധാകൃഷ്ണൻ, സീതൽ റോസ് ചാക്കോ അടങ്ങിയ സംഘത്തിന്റെ ഗവേഷണ ശ്രമങ്ങളാണ് യന്ത്രത്തിൻറെ ആവിഷ്ക്കരണത്തിലേക്ക് നയിച്ചത്.



# മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ വിസ്മയ കാഴ്ചയൊരുക്കി 'കേരളഗ്രോ എക്സ്പോ'



സംസ്ഥാന കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ തലശ്ശേരി സെന്റിനറി പാർക്കിൽ ഒരുക്കിയ തലശ്ശേരി കാർണിവൽ - കേരളഗ്രോ എക്സ്പോയിൽ കർഷകർ, കൃഷിക്കൂട്ടങ്ങൾ,ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനികൾ എന്നിവർ നിർമ്മിച്ച ഗുണമേന്മയുള്ള കാർഷിക മൂല്യ വർധിത ഉൽപ്പന്നങ്ങളുടെ പ്രദർശനം - "കേരളഗ്രോ - എക്സ്പോ " വൻ വിജയമായി.

കേരള സംസ്ഥാന കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ അഭിമാന പദ്ധതികളിൽ ഒന്നാണ് കൃഷിക്കൂട്ടങ്ങൾ വഴി മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുകയും "കേരളഗ്രോ " എന്ന ബ്രാൻഡിൽ ഉത്പന്നങ്ങൾക്ക് വിപണി കണ്ടെത്തി കൊടുക്കുക എന്നതും. കർഷകർ, കൃഷിക്കൂട്ടങ്ങൾ എന്നിവർ ഉത്പാദിപ്പിക്കുന്ന കാർഷികോല്പന്നങ്ങൾ നേരെ വിപണനം ചെയ്യുന്നതിന് പകരം അവയെ വിവിധ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ ആക്കി മാറ്റി വിപണനം ചെയ്ത് കർഷകർക്ക് വരുമാനം വർദ്ധിപ്പിക്കുകയാണ് ലക്ഷ്യം. ഇതിനായി കൃഷി വകുപ്പ് ഓരോ പഞ്ചായത്തുകളിലും വിവിധ കൃഷി കൂട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ട്. ഉൽപാദനം, മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം, ബ്രാൻഡിംഗ്, പാക്കിംഗ്, വിപണനം എന്നിവയിൽ ആവശ്യമായ പരിശീലനം നൽകി ഉണ്ടാക്കുന്ന മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ "കേരളഗ്രോ" എന്ന ഒരൊറ്റ ബ്രാൻഡിൽ ആണ് വിപണനത്തിനായി ഒരുക്കുന്നത്. ഈ ഉൽപ്പന്നങ്ങൾ ഓപ്പൺ മാർക്കറ്റിലും, ഫ്ളിപ്കാർട്, ആമസോൺ തുടങ്ങിയ ഓൺലൈൻ സംവിധാനങ്ങൾ വഴിയും കൃഷിവകുപ്പിന്റെ സഹായത്തോടു കൂടി വിപണനം നടത്തുന്നുണ്ട് . ഇതിന് ആവശ്യമായ സാമ്പത്തികവും സാങ്കേതികവുമായ സഹായങ്ങൾ നൽകുന്നതിന് വാല്യൂ ആഡഡ് അഗ്രികൾച്ചറൽ മിഷൻ (വാം) കേരളത്തിൽ രൂപീകരിച്ചിട്ടുണ്ട്.

ഉൽപാദനം മുതൽ വിപണനം വരെയുള്ള എല്ലാ ഘടകങ്ങളെയും ഒരൊറ്റ കുടക്കീഴിൽ കൊണ്ടുവരുന്നതിനായി കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് വിവിധങ്ങളായ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. ഈ കാര്യങ്ങൾ ജനങ്ങളിലേക്ക് നേരിട്ട് എത്തിക്കുന്നതിന്റെ ചുവടുവയ്പുകളിൽ ഒന്നാണ് തലശ്ശേരി കാർണിവൽ - "കേരളഗ്രോ എക്സ്പോ." ഏകദേശം നാല്പതോളം സ്റ്റാളുകളിലായി ഒട്ടനവധി ഉൽപ്പന്നങ്ങളാണ് ഇവിടെ ഒരുക്കിയിരിക്കുന്നത്. ഈ പരിപാടി വൻ വിജയമായതോടെ മറ്റുള്ള ജില്ലകളിൽ കൂടി സമാന മാതൃകയിൽ കൂടുതൽ വിപുലമായ പരിപാടികൾ ആസൂത്രണം ചെയ്യാനാണ് അധികൃതർ ആലോചിക്കുന്നത്.

# ഓൺലൈൻ പരിശീലനം ആരംഭിച്ചു

"ജി.ഐ.എസ് ബേസിക്സ് വിത്ത് ക്യു.ജി.ഐ.എസ്" എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം ആരംഭിച്ചു. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രമാണ് പരിശീലനം സംഘടിപ്പിച്ചിരിക്കുന്നത്. പരിശീലന പരിപാടിയുടെ ഉദ്ഘാടനം കേരള കാർഷിക സർവ്വകലാശാല വിജ്ഞാന വ്യാപന വിഭാഗം മേധാവി ഡോ. ജേക്കബ് ജോൺ നിർവഹിച്ചു. ക്യുജിഐഎസ് സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നതിനുള്ള ട്യൂട്ടോറിയലുകൾ അടങ്ങിയ ഈ പരിശീലന കോഴ്സ്, നഗരാസൂത്രണം, പരിസ്ഥിതി പരിപാലനം, കൃഷി, പൊതുജനാരോഗ്യം, പ്രകൃതിവിഭവ സംരക്ഷണം തുടങ്ങിയ മേഖലകളിൽ ജോലി സാധ്യതകൾ വർധിപ്പിക്കുമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

ഇ-പഠന കേന്ദ്രം ഡയറക്ടർ ഡോ. ബി അജിത്കുമാർ സ്വാഗതം അർപ്പിച്ച ചടങ്ങിന്, വെള്ളാനിക്കര കാർഷിക കോളേജ് ഡീൻ ഡോ.മണി ചെല്ലപ്പൻ ആശംസകൾ നേർന്നു. ഇ-പഠന കേന്ദ്രം ഇൻസ്റ്റിട്യൂഷനൽ കോർഡിനേറ്റർ ഡോ. അഖിൽ അജിത് നന്ദി പ്രകാശിപ്പിച്ചു.

# റബ്ബർബോർഡിൽ റബ്ബർ പ്രൊഡക്ഷൻ കമ്മീഷണറായി ഡോ. സിജു റ്റി. ചാർജെടുത്തു

ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ഇക്കണോമിക്സ് റിസേർച്ച് വിഭാഗത്തിൽ ശാസ്ത്രജ്ഞനായി 2010 മുതൽ പ്രവർത്തിച്ചുവരികയായിരുന്നു. ഡോ. സിജു തമിഴ്നാട് അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയിൽ നിന്ന് കൃഷിശാസ്ത്രത്തിൽ ബിരുദാനന്തരബിരുദമെടുത്തശേഷം ഗാന്ധിഗ്രാം റൂറൽ ഇൻസ്റ്റിറ്റ്യൂട്ടിലെ സ്കൂൾ ഓഫ് അഗ്രിക്കൾച്ചർ ആന്റ് ആനിമൽ സയൻസിൽ നിന്ന് ഡോക്ടറേറ്റ് നേടി. കേരളത്തിൽ റബ്ബർടാപ്പർമാർക്കുള്ള ക്ഷാമം



എന്നതായിരുന്നു ഗവേഷണ വിഷയം. ഇന്ത്യയിലെ റബ്ബർകൃഷിവ്യാപിപ്പിക്കാനും ഉത്പാദനം മെച്ചപ്പെടുത്താനുമുള്ള പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പാക്കുന്ന റബ്ബർ പ്രൊഡക്ഷൻ ഡിപ്പാർട്ടുമെന്റിന്റെ തലവനായിട്ടായിരിക്കും ഡോ. സിജു പ്രവർത്തിക്കുക.

ഡോ. സിജു, കൊല്ലം, മീനാട് മൂലയിൽകുന്നത്ത് കുടുംബാംഗമാണ്. ഭാര്യ ഡോ. ശ്രീപാർവതി വി. ഹോമിയോപ്പതിക് ഫിസിഷ്യനാണ്.

# ലോക ഭക്ഷ്യ ദിനം

**വിഷ്ണു എസ്.പി.**
അഗ്രികൾചറൽ ഓഫീസർ
ഫാം ഇൻഫർമേഷൻ ബ്യൂറോ

1945 ഒക്ടോബർ 16 നാണ് ഐക്യരാഷ്ട്രസഭ ഭക്ഷ്യകാർഷിക സംഘടന (Food and Agricultural Organisation)യ്ക്ക് രൂപം നൽകിയത്. ഇതിന്റെ ഓർമ്മ നിലനിർത്തുന്നതിനായി ഐക്യരാഷ്ട്ര സഭയുടെ ആഹ്വാനം അനുസരിച്ച് 1979 മുതൽ എല്ലാ വർഷവും ഒക്ടോബർ 16 ലോക ഭക്ഷ്യ ദിനമായി ആചരിച്ചു വരുന്നു. മുൻ ഹംഗേറിയൻ കൃഷി- ഭക്ഷ്യ മന്ത്രിയായിരുന്ന ഡോ. പാൽറൊമാനി ഈ ആശയത്തിനു പിന്നിൽ ഒരു പ്രധാന പങ്കുവഹിച്ചിരുന്നു. എല്ലാവർക്കും ഭക്ഷണം എന്നതാണ് ഭക്ഷ്യ കാർഷിക സംഘടനയുടെ ആപ്തവാക്യം. ദാരിദ്ര്യത്തിനും പട്ടിണിക്കും എതിരെയുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാനാണ് ഐക്യരാഷ്ട്ര സംഘടന ലക്ഷ്യമിടുന്നത്. ലോകമെമ്പാടുമുള്ള ദശലക്ഷക്കണക്കിന് ആളുകൾക്ക് പോഷകസമൃദ്ധമായ ഭക്ഷണം പതിവായി ലഭ്യമാക്കേണ്ടതിന്റെ ആവശ്യകതയും ഈ ദിനം സൂചിപ്പിക്കുന്നു.

എല്ലാവർക്കും നല്ല ഭക്ഷണം നൽകി കൂടുതൽ സുസ്ഥിരമായ ഒരു ലോകം കെട്ടിപ്പടുക്കുക പട്ടിണി അനുഭവിക്കുന്നവർക്കും എല്ലാവർക്കും ആരോഗ്യകരമായ ഭക്ഷണക്രമം ഉറപ്പാക്കേണ്ടതിന്റെ ആവശ്യകതയ്ക്ക് വേണ്ടി ലോകമെമ്പാടുമുള്ള അവബോധവും പ്രവർത്തനവും പ്രോത്സാഹിപ്പിക്കുക, പോഷകാഹാരക്കുറവ്, ജീവിതശൈലി രോഗങ്ങൾ എന്നിവയെകുറിച്ച് ആളുകളെ ബോധവൽക്കരിക്കുന്നതിന് ആവശ്യമായ പരിപാടികൾ നടത്തുക എന്നിവയും ഈ ദിനാചരണം കൊണ്ട് ലക്ഷ്യമിടുന്നു. ഭക്ഷ്യ ദിനത്തെക്കുറിച്ച് പറയുമ്പോൾ ഭാരതീയരായ നമ്മൾ ആദ്യം ഓർമ്മിക്കേണ്ട ഒരു നാമധേയമാണ് ഡോ. എം. എസ് .സ്വാമിനാഥന്റേത്. അടുത്തിടെ നമ്മെ വിട്ടുപിരി

ഞ്ഞു പോയ അദ്ദേഹത്തിന്റെ ജീവിതം തന്നെ പട്ടിണിക്കും ദാരിദ്ര്യത്തിനും എതിരെയുള്ള ഒരു പോരാട്ടമായിരുന്നു എന്ന് തന്നെ പറയാം. രാജ്യത്തെ ഭക്ഷ്യ സ്വയം പര്യാപ്തതയിലേക്ക് എത്തിക്കുന്നതിൽ ഭക്ഷ്യധാന്യങ്ങളുടെ ഇറക്കുമതിയിൽ നിന്നും ഭക്ഷ്യധാന്യങ്ങളുടെ കയറ്റുമതിയിലേക്ക് രാജ്യത്തെ എത്തിക്കുന്നതിൽ നിർണായക പങ്കുവഹിച്ച വ്യക്തിത്വമായിരുന്ന ഡോ. എം. എസ്. സ്വാമിനാഥൻ.

ഭക്ഷ്യ സ്വയം പര്യാപ്തത എന്ന പറയുമ്പോൾ അതുമായി ബന്ധപ്പെട്ട 2 പദങ്ങളാണ് ഭക്ഷ്യസുരക്ഷയും പോഷക സുരക്ഷയും.

## എന്താണ് ഭക്ഷ്യ സുരക്ഷയും പോഷക, സുരക്ഷയും?

ഭക്ഷ്യ കാർഷിക സംഘടനയുടെ നിർവചന പ്രകാരം ഭക്ഷ്യ സുരക്ഷ എന്നത് എല്ലാ വിഭാഗം ജനങ്ങൾക്കും എല്ലായ്പ്പോഴും സുരക്ഷിതവും പോഷക സമൃദ്ധവുമായ ഭക്ഷണത്തിന്റെ ശാരീരികവും സാമൂഹികവും സാമ്പത്തികവുമായ ലഭ്യതയെയാണ്. മാത്രമല്ല, അത് അവരുടെ ഭക്ഷണ ആവശ്യങ്ങളും സജീവവും ആരോഗ്യപരവുമായ ജീവിതത്തിനുള്ള ഭക്ഷണ മുൻഗണനകളും നിറവേറ്റുന്നതുമാ യിരിക്കണം.

എന്നാൽ പോഷക സുരക്ഷ എന്നത് കുറച്ചുകൂടി വിശാലമായ പദപ്രയോഗമാണ്. എല്ലാ ജനങ്ങൾക്കും എല്ലായ്പ്പോഴും മതിയായ അളവിലും ഗുണമേന്മയിലും ഉള്ള ഭക്ഷണം ലഭ്യമാക്കുക എന്നതാണ് ഇതിന്റെ പ്രാഥമിക അർത്ഥം. ഇതിൽ ഭക്ഷണവൈവിധ്യം, പോഷക ഘടന, സുരക്ഷ എന്നീ കാര്യങ്ങൾ ജനങ്ങളുടെ ഭക്ഷണ ആവശ്യങ്ങളും സജീവവും ആരോഗ്യകരവുമായ ജീവിതത്തിനായുള്ള ആഹാര മുൻഗണനകൾ നിറവേറ്റുന്നതും ആകണം. അതോടൊപ്പം ഇത് ജനങ്ങൾക്ക് മതിയായ ശുചിത്വ അന്തരീക്ഷം, നല്ല ആരോഗ്യം, നല്ല വിദ്യാഭ്യാസം, നല്ല പരിചരണം എന്നിവ ഉറപ്പാക്കുകയും കൂടി ചെയ്യുമ്പോഴാണ് പോഷക സുരക്ഷാ കൈവരിക്കുന്നത്.

ഇവ രണ്ടും പരസ്പരം ബന്ധപ്പെട്ടു കിടക്കുന്ന വസ്തുതകളാണ്. പോഷക അരക്ഷിതാവസ്ഥയ്ക്കു പ്രധാന കാരണം ദാരിദ്ര്യമാണ്. മതിയായ വിദ്യാഭ്യാസം, ഭവനസൗകര്യങ്ങൾ, ആരോഗ്യം, ഗതാഗതസൗകര്യങ്ങൾ, ജോലി, വേതനം എന്നിവയുടെ അഭാവം ഒരു കുടുംബത്തിന്റെ പോഷകാഹാര ലഭ്യതയെ പ്രതികൂലമായി തന്നെ ബാധിക്കുന്ന ഘടകങ്ങളാണ്.

ഗാർഹിക ഭക്ഷ്യസുരക്ഷയുടെയും പോഷക സുരക്ഷയുടെയും സ്തംഭങ്ങൾ (pillars) എന്നറിയപ്പെടുന്നത് പ്രധാനമായും 6 ഘടകങ്ങളാണ്.

1. ഭക്ഷ്യ ലഭ്യത/food availability
2. food access
3. ഭക്ഷ്യ വിനിയോഗം
4. ഫുഡ് സ്റ്റെബിലിറ്റി
5. ഭരണപരവും നയപരവുമായ കാര്യങ്ങൾ
6. ശാക്തീകരണവും ശേഷി വർദ്ധിപ്പിക്കലും

ഭക്ഷ്യ ലഭ്യത - വൈവിധ്യമാർന്ന ഭക്ഷണങ്ങളുടെ സ്ഥായിയായുള്ള വിതരണമാണ് ഇത് ഉദ്ദേശിക്കുന്നത്. കാർഷിക ഉത്പാദന ക്ഷമത, സുസ്ഥിര കാർഷിക രീതികൾ, കാര്യക്ഷമമായ ഭക്ഷ്യ ഉത്പാദന സംവിധാനങ്ങൾ തുടങ്ങിയവ ഈ ഘടകത്തിന്റെ വിവിധ വശങ്ങളാണ്.

Food access - പോഷക ലഭ്യത കൈവരിക്കുന്നതിന് ആവശ്യമായ ഭക്ഷണം ലഭിക്കാനുള്ള വ്യക്തികളുടെയും കുടുംബങ്ങളുടെയും കഴിവിനെ ഇത് സൂചിപ്പിക്കുന്നു. ഫുഡ് അക്സസ് മെച്ചപ്പെടുത്തുന്നതിനുള്ള സംവിധാനത്തിൽ വരുമാനം സൃഷ്ടിക്കുന്ന അവസരങ്ങൾ, വിപണി അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കൽ, ന്യായവും സുതാര്യവുമായ വില നിർണയം, ദുർബലരായ ജനവിഭാഗങ്ങൾക്കുള്ള സാമൂഹിക സംരക്ഷണ പരിപാടികൾ എന്നിവ ഉൾപ്പെടുന്നു.

ഭക്ഷ്യവിനിയോഗം - ഭക്ഷണത്തിന്റെ പോഷക മൂല്യം പരമാവധി വർധിപ്പിക്കുന്നതിനും മികച്ച ആരോഗ്യ ഫലങ്ങൾ ഉറപ്പാക്കുന്നതിലും ഇത് ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഭക്ഷണവൈവിധ്യം, പോഷകാഹാര ബോധവൽക്കരണം, ശുദ്ധജലലഭ്യത ഉറപ്പാക്കൽ തുടങ്ങിയ പ്രവർത്തനങ്ങളെ അഭിസംബോധന ചെയ്യുന്നത് ഇതിൽ ഉൾപ്പെടുന്നു.

ഭക്ഷ്യ സ്ഥിരത - പ്രതിസന്ധി ഘട്ടങ്ങളിലും ഭക്ഷണം ലഭ്യമാക്കാനുള്ള കുടുംബങ്ങളുടെ കഴിവിനെയാണ് ഇത് സൂചിപ്പിക്കുന്നത്. പ്രകൃതി ദുരന്തങ്ങൾ, വിലയിലെ ഏറ്റക്കുറച്ചിലുകൾ, സാമ്പത്തിക ആഘാതങ്ങൾ എന്നിവയ്ക്കെതിരെ പ്രതിരോധ ശേഷി വർധിപ്പിക്കുന്നതും അപകട സാധ്യത കുറയ്ക്കുന്നതും ഇതിൽ ഉൾപ്പെടുന്നു.

ഭരണപരവും നയപരവുമായ കാര്യങ്ങൾ- ഭക്ഷ്യ സുരക്ഷയുടെ എല്ലാ തലങ്ങളെയും അഭിസംബോധന ചെയ്യുന്ന സംയോജിത നയങ്ങൾ, പരിപാടികൾ, പ്രവർത്തനങ്ങൾ എന്നിവയുടെ വികസനവും നടപ്പാക്കലും ഇതിൽ ഉൾപ്പെടുന്നു. കൃഷി, വ്യാപാരം, സാമൂഹിക സംരക്ഷണം, ആരോഗ്യം, വിദ്യാഭ്യാസം, പരിസ്ഥിതി സുസ്ഥിരത എന്നിവയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇതിൽ ഉൾപ്പെടുന്നു.

ശാക്തീകരണവും ശേഷി വർദ്ധിപ്പിക്കലും - ഗാർഹിക ഭക്ഷണവും പോഷകാഹാര സുരക്ഷയും വർധിപ്പിക്കുന്നതിൽ ഇത് നിർണായക പങ്കുവഹിക്കുന്നു. ഭക്ഷണം തിരഞ്ഞെടുക്കുന്നതിനെ കുറിച്ച് അറിവുള്ള തീരുമാനങ്ങൾ എടുക്കാൻ വ്യക്തികളെയും സമൂഹത്തെയും ശാക്തീകരിക്കുക, ലിംഗസമത്വം പ്രോത്സാഹിപ്പിക്കുക, പ്രാദേശിക സ്ഥാപനങ്ങളും സാമൂഹിക പങ്കാളിത്തവും ശക്തിപ്പെടുത്തുക എന്നിവ ഇതിൽ ഉൾപ്പെടുന്നു.

ഈ 6 ഘടകങ്ങളും പരസ്പരാശ്രിതമാണ്, ഗാർഹിക സുരക്ഷയും പോഷകാഹാര സുരക്ഷയും അഭിസംബോധന ചെയ്യുന്നതിന് സമഗ്രമായ ഒരു സമീപനമാണ് ആവശ്യം.

ഗാർഹിക സുരക്ഷയും പോഷകസുരക്ഷയും ഉറപ്പാക്കാൻ അവലംബിക്കാവുന്ന പ്രധാന ഇടപെടലുകൾ താഴെ പറയുന്നവയാണ്.

1. സുസ്ഥിര കൃഷി സമ്പ്രദായങ്ങൾ
2. ഭക്ഷ്യോത്പാദനത്തിലെ വൈവിധ്യവൽക്കരണം
3. ഉത്പാദനോപാധികളും സാങ്കേതികവിദ്യകളും യഥേഷ്ടം സ്വായത്തമാക്കുന്നതിനുള്ള സംവിധാനങ്ങൾ
4. സാമൂഹിക സുരക്ഷ പദ്ധതികൾ
5. പോഷകാഹാര വിദ്യാഭ്യാസവും ബോധവൽക്കരണവും
6. ആരോഗ്യ - പോഷകാഹാര സേവനങ്ങൾ ശക്തിപ്പെടുത്തൽ
7. നയപരവും ഭരണപരവുമായ തീരുമാനങ്ങൾ
8. ഗവേഷണവും നവീകരണവും

ഫോൺ : 0471 2317314, 2314358, 2318186, e-mail : piofibtvm@gmail.com, harithadalam@gmail.com
Published by Sreekala S., Principal Information Officer for Farm Information Bureau, Kowdiar P.O., Tvpm-3. Govt. of Kerala;
Editor: Dr. Binu Hariat Ivan., Design & Layout : Maya Santhosh